2025
NOVEMBER
29
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## വേവ്സ് ഫിലിം ബസാർ 2025 ന് വിജയകരമായ സമാപനം

# ഒപ്പു വെച്ചത് കോടികളുടെ ധാരണാപത്രങ്ങൾ

**ന്യൂഡൽഹി:** 56ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയോടനുബന്ധിച്ച് സംഘടിപ്പിച്ച വേവ്സ് ഫിലിം ബസാർ 2025 ന് വിജയകരമായ സമാപനം. ചലച്ചിത്ര നിർമ്മാണം, സഹകരണം, വിപണി വിപുലീകരണം എന്നിവയിൽ വളർന്നുവരുന്ന ആഗോള കേന്ദ്രമെന്ന നിലയിൽ ഇന്ത്യയുടെ സ്ഥാനം വീണ്ടും ഉറപ്പിക്കുന്നതായി വേവ്സ് ഫിലിം ബസാർ 2025 മാറി. 40 ലധികം രാജ്യങ്ങളിൽ നിന്നുള്ള 2,500ലധികം പ്രതിനിധികൾ അഞ്ച് ദിവസം നീണ്ടുനിന്ന വിപണിയിൽ പങ്കെടുത്തു. ദക്ഷിണേഷ്യൻ ചലച്ചിത്ര വിപണികളിലെ ഏറ്റവും വലിയ അന്താരാഷ്ട്ര സമ്മേളനങ്ങളിലൊന്നാണിത്. വ്യൂവിംഗ് റൂം, കോ-പ്രൊഡക്ഷൻ മാർക്കറ്റ്, സ്ക്രീൻ റൈറ്റേഴ്സ് ലാബ്, മാർക്കറ്റ് സ്ക്രീനിംഗുകൾ എന്നിവയിലായി പതിനഞ്ചിലധികം രാജ്യങ്ങളെ പ്രതിനിധീകരിച്ച് 320 പ്രോജക്റ്റുകൾ പ്രദർശിപ്പിച്ചു.

1200ലധികം വൺടുവൺ ക്ലോസ്ഡ്ഡോർ ബിസിനസ് മീറ്റിംഗുകൾ കൂടാതെ വിവിധ മാർക്കറ്റ് വിഭാഗങ്ങളിലായി നൂറുകണക്കിന് ഓപ്പൺഎൻഡഡ് മീറ്റിംഗുകൾ, 1050 കോടി രൂപയുടെ ബിസിനസ് ചർച്ചകളും കൂടിയാലോചനകളും എന്നിവ കൂടാതെ 750 കോടിയിലധികം രൂപ മൂല്യമുള്ള 320 ലധികം ക്ലോസ്ഡ്ഡോർ പ്രോജക്റ്റ് ചർച്ചകളുംനടന്നു. പരിപാടിയുടെ ഭാഗമായി 100 കോടി രൂപയുടെ ധാരണാപത്രങ്ങളാണ് ഒപ്പു വെച്ചത്. ഇതിൽ പ്രധാനം ഇന്ത്യ-ഓസ്ട്രേലിയ സഹകരണം ശക്തിപ്പെടുത്തിക്കൊണ്ടുള്ള നാലു ധാരണാപത്രങ്ങളിൽ ഒപ്പുവെച്ചതാണ്.

ഓസ്ട്രേലിയ ആസ്ഥാനമായുള്ള മീഡിയ ആൻഡ് എന്റർടൈൻമെന്റുമായി വേവ്സ് ഫിലിം ബസാർ ഒപ്പു വെച്ച ധാരണാപത്രങ്ങൾ വിദ്യാഭ്യാസം, വിതരണം, പ്രതിഭകളുടെ വികസനം, ഫെസ്റ്റിവൽ കൈമാറ്റങ്ങൾ എന്നിവയിലുട നീളമുള്ള ഉഭയകക്ഷി സഹകരണം ഗണ്യമായി വർദ്ധിപ്പിക്കും. ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യ, എൻ.എഫ്.ഡി.സി, ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ ഓഫ് മെൽബൺ എന്നിവ തമ്മിലുള്ള ധാരണാപത്രം ഫെസ്റ്റിവൽ കൈമാറ്റങ്ങൾ, പ്രൊഡ്യൂസർ ലാബുകൾ, പുതിയ വേവ്സ് ബസാർ- ഐ.എഫ്.എഫ്.എം കോ-ഡിസ്ട്രിബ്യൂഷൻ ഫണ്ട് എന്നിവയിലൂടെ ഇന്ത്യ-ഓസ്ട്രേലിയ സിനിമാ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള മൂന്ന് വർഷത്തെ പങ്കാളിത്തമാണിത്.

ഇരു രാജ്യങ്ങളിലുമുള്ള തിരഞ്ഞെടുക്കപ്പെട്ട സിനിമകളുടെ പ്രദർശനങ്ങൾ, പ്രീമിയറുകൾ, പരിശീലന പരിപാടികൾ, സൃഷ്ടിപരമായ പ്രോജക്റ്റുകളുടെ സംയുക്ത പ്രമോഷൻ എന്നിവ ഈ സഹകരണത്തിലൂടെ വർധിപ്പിക്കും. ഡീക്കിൻ യൂണിവേഴ്സിറ്റി, ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജീസ് എന്നിവ തമ്മിലുള്ള ധാരണാപത്രം പാഠ്യപദ്ധതി പങ്കാളിത്തം, വിദ്യാർത്ഥി അധ്യാപക കൈമാറ്റങ്ങൾ, പ്രത്യേക ശിൽപ്പശാലകൾ, സഹകരണത്തോടെയുള്ള പഠന പാതകൾ എന്നിവയിലൂടെ ചലച്ചിത്ര വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന അക്കാദമിക് കൂട്ടുകെട്ടാണ്.




പിവിആർ ഐനോക്സും ഓസ്ട്രേലിയയിലെ മൈൻഡ് ബ്ലോയിംഗ് ഫിലിംസും തമ്മിലുള്ള ധാരണാപത്രം ഇന്ത്യയിലെ ഏറ്റവും വലിയ സിനിമാ ശൃംഖല വഴി ഓസ്ട്രേലിയൻ സിനിമകൾക്ക് രാജ്യത്തുടനീളം സ്ഥിരമായ തിയേറ്റർ റിലീസുകൾ നൽകാൻ ലക്ഷ്യമിട്ടുള്ള വിതരണ കേന്ദ്രീകൃത പങ്കാളിത്തമാണിത്. ഈ കരാർ വഴി പ്രതിവർഷം 5 ദശലക്ഷം യുഎസ് ഡോളറിലധികം വരുമാനം നേടുമെന്നും ഇരു രാജ്യങ്ങളിലേയും കഥാകൃത്തുക്കളുടെ വിപണി പ്രവേശനം വിപുലീകരിക്കുമെന്നും പ്രതീക്ഷിക്കുന്നു. പിടിസി പഞ്ചാബി, ടെമ്പിൾ ഫിലിം പ്രൊഡക്ഷൻ കമ്പനി, ഓസ്ട്രേലിയ എന്നിവ തമ്മിലുള്ള ധാരണാപത്രം മൂന്ന് പഞ്ചാബി ഭാഷാ ഫീച്ചർ സിനിമകൾ സംയുക്തമായി അവതരിപ്പിക്കുന്നതിനായി പങ്കാളിത്തത്തിൽ ഏർപ്പെടുന്നതാണ്. ഈ പ്രോജക്റ്റുകളുടെ ഏകദേശ മൂല്യം 7 ദശലക്ഷം യുഎസ് ഡോളറിലധികമാണ്.

## ശ്രദ്ധനേടി ബിനാലെയിലെ 'കല നില'



**കൊച്ചി:** കൊച്ചി മുസിരിസ് ബിനാലെയുടെ ആറാം പതിപ്പിനോടനുബന്ധിച്ച് കലാകാരന്മാർ, കലാ അധ്യാപകർ, കലാസ്വാദകർ തുടങ്ങിയവരുടെ സർഗാത്മകത വളർത്തുന്ന 'കല നില' പരിപാടിയ്ക്ക് സംസ്ഥാനമൊട്ടാകെ മികച്ച പ്രതികരണം. കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ (കെബിഎഫ്) കീഴിലുള്ള ആർട്ട് ബൈ ചിൽഡ്രൻ (എബിസി) ആണ് 'കല നില' യ്ക്ക് പിന്നിൽ. കെബിഎഫിന്റെ പ്രധാന സംരംഭങ്ങളിലൊന്നാണ് എബിസി പ്രോഗ്രാം. ഇത്തവണത്തെ ബിനാലെയുടെ ഭാഗമായി ആരംഭിച്ച ആർട്ട് റൂംപെഡഗോഗിയും 'കല നില' പരിപാടിയും സർഗാത്മകത വളർത്താൻ ലക്ഷ്യമിട്ടുള്ളതാണ്. ശിൽപ്പശാലകളിലൂടെയും സംഭാഷണങ്ങളിലൂടെയുമാണ് 'കല നില' മുന്നോട്ട് പോകുന്നത്. ഡിസംബർ 12 ന് ആരംഭിക്കുന്ന ബിനാലെയ്ക്ക് മുന്നോടിയായി സംസ്ഥാനത്തുടനീളം കെബിഎഫ് നാല് ശിൽപ്പശാലകളും ഔട്ട്റീച്ച് പരിപാടികളും സംഘടിപ്പിച്ചിരുന്നു.

എബിസിയുടെ ഭാഗമായി തെരഞ്ഞെടുത്ത സ്കൂളുകളിൽ കുട്ടികൾക്കും കലാപ്രേമികൾക്കും വിവിധ കലാ രീതികളിൽ ഇടപഴകുന്നതിനുള്ള പദ്ധതിയാണ് ആർട്ട് റൂം. സ്ഥാപനങ്ങൾക്കും അക്കാദമിക് മേഖലകൾക്കും അപ്പുറം കലയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് 2020 ൽ വിഭാവനം ചെയ്ത കലാ അധ്യാപകർക്കുള്ള ശിൽപ്പശാലയുടെ തുടർച്ചയാണ് കലാനില. സർഗ്ഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം കലാകാരന്മാരെയും, അധ്യാപകരെയും, കലാതൽപ്പരരെയും ഒരുമിച്ച് കൊണ്ടുവരാൻ ഇതിലൂടെ സാധിക്കും. എല്ലാവരെയും ഉൾക്കൊള്ളുന്ന പഠന ഇടങ്ങളെ 'കല നില' പ്രോത്സാഹിപ്പിക്കുന്നതായി എബിസി പ്രോഗ്രാം ഹെഡ് ബ്ലെയ്സ് ജോസഫ് പറഞ്ഞു.

വളർന്നു കൊണ്ടിരിക്കുന്ന ഒരു വലിയ വിജ്ഞാന വേദിയുടെ തുടക്കമാണ് 'കല നില'. 'കല നില' യുടെ ഭാഗമായി തിരുവനന്തപുരം, ആലുവ, പാലക്കാട്, കാലടി എന്നിവിടങ്ങളിലാണ് ശിൽപ്പശാലകൾ നടന്നത്. ദൃശ്യ, നാടക കലാകാരന്മാർ, നർത്തകർ, മനഃശാസ്ത്രജ്ഞർ, വിദ്യാർത്ഥികൾ, ഗവേഷകർ, സാമൂഹ്യശാസ്ത്രജ്ഞർ തുടങ്ങിയവർ മുൻപരിപാടികളിൽ പങ്കെടുത്തു. ഇതിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കലാധ്യാപകരും ആസ്വാദകരുമുണ്ടായിരുന്നു. എബിസി പ്രോഗ്രാം ഇന്റേണുകൾ ഉൾപ്പെടെ 70 കലാകാരന്മാരുടെ ഒരു ശൃംഖല സൃഷ്ടിക്കാൻ ഇത് സഹായിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.'കല നില' യുടെ ഭാഗമായി ഗെയിംസ്, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ചർച്ചകൾ, ഡോക്യുമെന്ററി പ്രദർശനങ്ങൾ, കലാ പ്രദർശനം, 'സാങ്കൽപ്പിക നടത്തം', 'ബോഡി മാപ്പിംഗ്' എന്നിവയിലൂടെ സൃഷ്ടിപരമായ സർഗാത്മകത വളർത്തുന്നു. ഓർമ്മകളെയും അനുഭവങ്ങളെയും ഉണർത്തുന്നതിനൊപ്പം വാക്കുകൾ, വികാരങ്ങൾ, ഇമേജറി എന്നിവയിലൂടെ അവ പ്രകടിപ്പിക്കാനും ഇതിലൂടെ സാധിക്കും.

# സുഗന്ധവ്യഞ്ജനങ്ങൾക്ക് മാർക്കറ്റും കംപ്ലയൻസ് ഹബ്ബുകളും സ്ഥാപിക്കണം; ആവശ്യവുമായി സ്പൈസസ് ബോർഡ്




**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ മെട്രോ നഗരങ്ങൾ കേന്ദ്രീകരിച്ച് സുഗന്ധവ്യഞ്ജനങ്ങൾക്ക് മാത്രമായി മാർക്കറ്റും കംപ്ലയൻസ് ഹബ്ബുകളും സ്ഥാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യമുന്നയിച്ച് സ്പൈസസ് ബോർഡ് ചെയർപേഴ്സൺ അഡ്വ.സംഗീത വിശ്വനാഥൻ. കേന്ദ്ര വാണിജ്യ വകുപ്പ് മന്ത്രി പീയുഷ് ഗോയലുമായി ഡൽഹിയിൽ നടത്തിയ ചർച്ചയിലാണ് ആവശ്യമുന്നയിച്ചത്. സുഗന്ധവ്യഞ്ജന വ്യാപാരികൾക്കും കയറ്റുമതിക്കാർക്കും പിന്തുണ നൽകി മേഖലയെ കൂടുതൽ മത്സരക്ഷമമാക്കുന്നതിനാണ് സ്പൈസസ് ബോർഡ് ലക്ഷ്യമിടുന്നത്. സുഗന്ധവ്യഞ്ജനങ്ങളുടെ ഗുണനിലവാര പരിശോധന, ഡോക്യുമെന്റേഷൻ, ബാങ്കിംഗ് പിന്തുണ, ഡിജിറ്റൽ ഫയലിംഗുകൾ എന്നിവ കാര്യക്ഷമമാക്കാൻ കംപ്ലയൻസ് ഹബ്ബുകളിലൂടെ സാധിക്കും.

യുഎസ്സിന്റെ അധിക തീരുവ പ്രഖ്യാപനത്തോടെ പ്രതിസന്ധിയിലായ കയറ്റുമതി മേഖലയെ പിന്തുണയ്ക്കാൻ കേന്ദ്ര സർക്കാർ രൂപംനൽകിയ കയറ്റുമതി പ്രോത്സാഹന മിഷന് കീഴിൽ സുഗന്ധവ്യഞ്ജന മേഖലയെ ഉൾപ്പെടുത്തണമെന്നാണ് സ്പൈസസ് ബോർഡ് ആവശ്യപ്പെടുന്നത്. സുഗന്ധവ്യഞ്ജനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് പ്രധാന ഉൽപാദന കേന്ദ്രങ്ങളിൽ അക്രഡിറ്റഡ് ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ഇന്ത്യയിൽ നിന്നും അമേരിക്കയിലേക്കുള്ള ഒളിയോറെസിൻ



പാപ്രിക്ക കയറ്റുമതിയിലെ ഇറക്കുമതി നിയന്ത്രണ തീരുവ (ആന്റി ഡംപിങ് ഡ്യൂട്ടി), എതിർ തീരുവ (കൗണ്ടർവെയിലിംഗ് ഡ്യൂട്ടി) എന്നിവയെക്കുറിച്ചും ചർച്ച ചെയ്തതായി അഡ്വ. സംഗീത വിശ്വനാഥൻ പറഞ്ഞു.

# തെങ്ങിൻ തൈകളുടെ വിൽപ്പന നടത്തി



**കൊച്ചി:** നാളികേര വികസന ബോർഡിന്റെ നേതൃമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ പാകി കിളിർപ്പിച്ച പശ്ചിമ തീര നെടിയ ഇനം, നാടൻ തെങ്ങിൻ തൈകൾ ബോർഡിന്റെ കൊച്ചി ആസ്ഥാനത്ത് കൃഷിക്കാർക്ക് വിതരണം ചെയ്തു. ഓഫീസ് അങ്കണത്തിൽ നടന്ന ചടങ്ങിൽ മുഖ്യ നാളികേര വികസന ഓഫീസർ ഡോ. ഹനുമന്ത ഗൗഡ തൈ വിതരണം ഉദ്ഘാടനം ചെയ്തു. മുൻ കൂട്ടി ബുക്കു ചെയ്ത കൃഷിക്കാർക്ക് ഏകദേശം 2000 ത്തോളം തൈകൾ നൂറു രൂപ നിരക്കിൽ വിൽപ്പന നടത്തി. ഒരു വർഷം പ്രായമുള്ളതും നല്ല ഗുണമേന്മയുള്ളതുമായ തൈകളാണ് നേര്യമംഗലത്തു നിന്ന് കൊച്ചിയിൽ വിതരണത്തിനായി കൊണ്ടുവന്നത്.

തെങ്ങിൻ തൈകൾ കൂടാതെ ഫാമിൽ വിളയിച്ച മരച്ചീനി, വാഴക്കുല ഉൾപ്പെടെയുള്ള ജൈവ കാർഷികോൽപ്പന്നങ്ങളും വിൽപ്പനയ്ക്ക് എത്തിച്ചിരുന്നു. വിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിലാണ് ഇവ വിൽപ്പന നടത്തിയത്. എല്ലാ മാസവും നേര്യമംഗലത്തു നിന്നുള്ള തെങ്ങിൻ തൈകളുടെയും മറ്റ് ഉൽപ്പന്നങ്ങളുടെയും വിൽപ്പന ബോർഡിൽ ഉണ്ടായിരിക്കുമെന്നും അധികൃതർ അറിയിച്ചു. തെങ്ങിൻ തൈകൾ ആവശ്യമുള്ളവർ, നേര്യമംഗലം ഫാമുമായി ബന്ധപ്പെട്ട് മുൻകൂട്ടി ബുക്കു ചെയ്യാവുന്നതാണ്. ഫോൺ – 0485- 2554240.

## എൻ.ഐ.ഒ.എസ് മാറ്റിവച്ച പരീക്ഷകൾ ഡിസംബർ 2 ന്

**കൊച്ചി:** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിങ്ങിൽ (എൻ.ഐ.ഒ.എസ്), ബീഹാർ തെരഞ്ഞെടുപ്പ് മൂലം മാറ്റിവച്ച സെക്കണ്ടറി ആന്റ് സീനിയർ സെക്കണ്ടറി പരീക്ഷകൾ ഡിസംബർ രണ്ടിന് നിർദിഷ്ട പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടും. കൂടുതൽ വിവരങ്ങൾക്ക് 0484–2310032/ 97468 88988, എന്നീ നമ്പറുകളിലും ടോൾ ഫ്രീ നമ്പർ 1800 180 9393 ലും ബന്ധപ്പെടാം.

## റോസ്ഗർ യോജന ബോധവൽക്കരണം സംഘടിപ്പിച്ചു

**കോഴിക്കോട്:** പിഎം വികസിത് ഭാരത് റോസ്ഗർ യോജന യെക്കുറിച്ച് (പി.എം.വി.ബി.ആർ.വൈ) ഗവ. സൈബർ പാർക്ക് പ്രത്യേക ബോധവൽക്കരണ സെഷൻ സംഘടിപ്പിച്ചു. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന് കീഴിലുള്ള എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനുമായി (ഇ.പി.എഫ്.ഒ) സഹകരിച്ചായിരുന്നു പരിപാടി. പി.എഫ് എൻഫോഴ്സ്മന്റ് ഓഫീസർ പി. ഷെലൻ ബോധവത്കരണ പരിപാടിയ്ക്ക് നേതൃത്വം നൽകി. പിഎംവിബിആർവൈ പദ്ധതിക്ക് കീഴിൽ തൊഴിലുടമകൾക്കും ആദ്യമായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്കും ലഭിക്കുന്ന സാമ്പത്തിക ആനുകൂല്യങ്ങളെക്കുറിച്ച് തൊഴിൽദാതാക്കളെയും ജീവനക്കാരെയും ബോധവൽക്കരിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സർക്കാർ അംഗീകൃത ആനുകൂല്യങ്ങളെക്കുറിച്ചും ഇ.പി.എഫ്.ഒ ചട്ടങ്ങളെക്കുറിച്ചും ജീവനക്കാർക്കിടയിൽ കൃത്യമായ ധാരണ ഉറപ്പാക്കുന്നതിനാണ് പരിപാടി സംഘടിപ്പിച്ചതെന്ന് അധികൃതർ അറിയിച്ചു.

### ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ് ഡിസംബർ ഒന്നിന്

**തിരുവനന്തപുരം:** 2025–26 അധ്യയന വർഷത്തെ ബി.എസ്.സി അലൈഡ് ഹെൽത്ത് സയൻസ് ഡിഗ്രി കോഴ്സുകൾക്ക് പ്രവേശനത്തിനുള്ള ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ് ഡിസംബർ ഒന്നിന് നടത്തും. www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ നവംബർ 28 മുതൽ 30 വരെ ഓൺലൈനായി പുതിയ കോഴ്സ്/കോളേജ് ഓപ്ഷനുകൾ സമർപ്പിക്കണം. മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിക്കില്ല. മുൻ അലോട്ട്മെന്റുകൾ വഴി ഏതെങ്കിലും കോളേജുകളിൽ പ്രവേശനം നേടിയവർ ഈ അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിന് പുതിയ നിരാക്ഷേപപത്രം (NOC) ആവശ്യമാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471-2560361, 362, 363, 364, www.lbscetnre.kerala.gov.in.

# ബിനാലെയുടെ സ്വതന്ത്ര സ്വഭാവം നിലനിർത്താൻ സാമ്പത്തിക ഭദ്രത അനിവാര്യം

Kochi-Muziris Biennale 2025

**കൊച്ചി:** ലോകത്തിലെ ഏറ്റവും പുതിയ കലാമേളകളിൽ ഒന്നായ കൊച്ചി മുസിരിസ് ബിനാലെ (കെഎംബി) പോലുള്ള ഉദ്യമങ്ങളുടെ സ്വതന്ത്രമായ യാത്ര തുടരുന്നതിന് സാമ്പത്തിക ഭദ്രത അനിവാര്യമാണെന്ന് കലാ വിദഗ്ധർ അഭിപ്രായപ്പെട്ടു. റെസൊണൻസ് ആൻഡ് റിന്യൂവൽ: ദി കൊച്ചി ബിനാലെ സ്റ്റോറി' എന്ന വിഷയത്തിൽ കൊച്ചി ബിനാലെ ഫൗണ്ടേഷനാണ് ചർച്ച സംഘടിപ്പിച്ചത്. ബിനാലെക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നവർ അതിന്റെ കലാപരമായ സൗന്ദര്യശാസ്ത്രത്തിൽ ഒരിക്കലും ഇടപെടാൻ പാടില്ലെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു. കൊച്ചി മുസിരിസ് ബിനാലെ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി, ബിനാലെ ആറാം പതിപ്പിന്റെ ക്യൂറേറ്റർ നിഖിൽ ചോപ്ര, സാരംഭക മറിയം റാം എന്നിവരാണ് ഒരു മണിക്കൂർ നീണ്ട ഈ സെഷനിൽ സംസാരിച്ചത്.

കലാനിരൂപകൻ സദാനന്ദ് മേനോൻ ആയിരുന്നു ചർച്ചയുടെ മോഡറേറ്റർ. കെഎംബിയെക്കുറിച്ച് നാല് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ അവതരണം ബോസ് കൃഷ്ണമാചാരി നടത്തി. നഗരത്തിലുടനീളമുള്ള 22 വേദികളിലായാണ് ബിനാലെ പ്രദർശനങ്ങൾ നടത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു. കൂടാതെ ഒമ്പത് അനുബന്ധ പ്രദർശനങ്ങളും (കൊളാറ്ററൽ) ഉണ്ടാകും. നല്ല കലയും ചീത്ത കലയും അല്ലെങ്കിൽ വിജയിച്ച പരിപാടികളും പരാജയപ്പെട്ടവയും തുടങ്ങിയ ദ്വന്ദപ്രയോഗങ്ങളിൽ കുടുങ്ങിപ്പോകരുതെന്ന് നിഖിൽ ചോപ്ര പറഞ്ഞു. എല്ലാ തുറകളിലുമുള്ള ആളുകളുമായി ബന്ധപ്പെടുക എന്നതാണ് ഞങ്ങളുടെ ദൗത്യം.

ആ പ്രക്രിയയിൽ കലയുമായി ബന്ധപ്പെട്ട ആശയങ്ങളിലെ ദുരൂഹത നീക്കണം. രണ്ടാഴ്ചയ്ക്കുള്ളിൽ, ബിനാലെ വേദികളും പരിസരങ്ങളും ജീവൻ തുടിക്കുന്നതായി മാറുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കൊച്ചിയുടെ ബഹുസ്വര സ്വഭാവം ഇന്ത്യയുടെ വൈവിധ്യത്തെ ഉൾക്കൊള്ളാൻ കഴിയുന്ന ഒന്നാണെന്ന് ടിഎൻക്യു ടെക്നോളജീസിന്റെ മാനേജിംഗ് ഡയറക്ടറും കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ ട്രസ്റ്റിയുമായ മറിയം റാം പറഞ്ഞു. 2012ലെ ആദ്യ പതിപ്പ് മുതൽ ബിനാലെ ഫണ്ടുകളിൽ അപര്യാപ്തത നേരിട്ടിട്ടുണ്ട്. അതിനുശേഷം പുതിയ സ്പോൺസർമാരും ഗുണഭോക്താക്കളും വരുന്നുണ്ട്. അത്തരം വ്യക്തികളും സ്ഥാപനങ്ങളും ബിനാലെയുടെ സൗന്ദര്യശാസ്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അഭിപ്രായം പറയാൻ വരാറില്ല എന്നത് ഗുണകരമാണെന്ന് അവർ പറഞ്ഞു.

# നേവൽഡേ ഓപ്പറേഷൻ ഡെമോ: ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തും

**തിരുവനന്തപുരം:** ശംഖുംമുഖത്ത് ഡിസംബർ 3ന് വൈകുന്നേരം 4.30 മുതൽ ഇന്ത്യൻ നാവികസേന സംഘടിപ്പിക്കുന്ന നേവൽഡേ ഓപ്പറേഷൻ ഡെമോയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരത്തിൽ ഉച്ചയ്ക്ക് 12.00 മണി മുതൽ ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തും. ഡെമോ കാണുവാനായി ഏകദേശം 50000ത്തിനധികം പൊതുജനങ്ങൾ എത്തിച്ചേരാൻ സാധ്യതയുണ്ട്. തിരുവനന്തപുരം സിറ്റി പോലീസിന്റെ ഗതാഗത ക്രമീകരണങ്ങളുടെ വിവരങ്ങൾ അറിയുന്നതിലേക്ക് 9497930055, 0471-2558731എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതുമാണ്. പൊതുജനങ്ങൾക്ക് അനുവദിച്ച പാർക്കിംഗ് സ്ഥലങ്ങളിൽ മാത്രമേ വാഹനങ്ങൾ പാർക്ക് ചെയ്യാൻ പാടുള്ളൂ. അനധികൃതമായി പാർക്ക് ചെയ്യുന്ന വാഹനങ്ങൾ നീക്കം ചെയ്ത് നിയമ നടപടി സ്വീകരിക്കുന്നതാണ്.

ചാക്ക, കല്ലുംമൂട്, സ്റ്റേഷൻകടവ്, വലിയതുറ, കുമരിച്ചന്ത, മാധവപുരം എന്നീ ഭാഗങ്ങളിൽ നിന്നും ശംഖുംമുഖം, വെട്ടുകാട് ഭാഗത്തേക്ക് പാസ് അനുവദിച്ചിട്ടുള്ള വാഹനങ്ങൾക്ക് മാത്രമെ പ്രവേശനം അനുവദിക്കുകയുള്ളൂ. വാഹനങ്ങളുടെ പാസ് പരിശോധിച്ച് പാർക്കിംഗ് ലഭ്യത അനുസരിച്ച് പ്രവേശനം അനുവദിക്കും. പ്രത്യേക ക്ഷണിതാക്കളുടെയും മീഡിയയുടെയും വാഹനങ്ങൾ പരിപാടി തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് വരെ ചാക്ക ആൾ സെയിന്റ്സ് വഴി ശംഖുമുഖത്ത് എത്തി ആളുകളെ ഇറക്കിയതിന് ശേഷം പാസിലെ ക്യുആർ കോഡിൽ രേഖപ്പെടുത്തിയിരിക്കുന്ന പാർക്കിംഗ് സ്ഥലങ്ങളിൽ പാർക്ക് ചെയ്യേണ്ടതും അതിനുശേഷം വരുന്ന വാഹനങ്ങൾ ഈഞ്ചക്കൽ കല്ലുംമ്മൂട് പൊന്നറപാലം വലിയതുറ ഡൊമസ്റ്റിക് എയർപോർട്ട് വഴിയും പോകേണ്ടതാണ്.

പാസ് അനുവദിക്കപ്പെട്ട കാണികളുടെ വാഹനങ്ങൾ ചാക്ക ആൾ സെയിന്റ്സ് ബാലനഗർ റോഡ് വഴിയും ചാക്ക ആൾ സെയിന്റ്സ് മാധവപുരം വേളി ടൂറിസ്റ്റ് വില്ലേജ് വെട്ടുകാട് വഴിയും പാസിൽ അനുവദിക്കപ്പെട്ട പാർക്കിംഗ് സ്ഥലങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യേണ്ടതും നേവി ഏർപ്പെടുത്തിയിട്ടുള്ള വാഹനങ്ങളിൽ കണ്ണാന്തുറ എത്തി പരിപാടി കാണുകയും പരിപാടി കഴിഞ്ഞതിന് ശേഷം നേവി ഏർപ്പെടുത്തിയ വാഹനങ്ങളിൽ പാർക്കിംഗ് സ്ഥലങ്ങളിൽ എത്തി തിരികെ പോകേണ്ടതുമാണ്.

പാസ്സില്ലാതെ പരിപാടി കാണാൻ വരുന്ന പൊതുജനങ്ങൾ, വാഹനങ്ങൾ തിരുവനന്തപുരം സിറ്റി പരിധിയിൽ വിവിധ ഭാഗങ്ങളിൽ ക്രമീകരിച്ചിട്ടുള്ള പാർക്കിംഗ് ഗ്രൗണ്ടുകളിൽ പാർക്ക് ചെയ്യേണ്ടതും, പാർക്കിംഗ് ഗ്രൗണ്ടുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന കെ.എസ്.ആർ.ടി.സി ബസുകളിൽ കയറി വെട്ടുകാട് ഇറങ്ങി പരിപാടി കണ്ടതിനുശേഷം വെട്ടുകാട് ഭാഗത്ത് ക്രമീകരിച്ചിരിക്കുന്ന കെ.എസ്. ആർ.ടി.സി ബസുകളിൽ കയറി അതാത് പാർക്കിംഗ് ഗ്രൗണ്ടുകളിലേക്ക് തിരികെ പോകേണ്ടതാണ്. ഉച്ചയ്ക്ക് ഒരു മണി മുതൽ പാർക്കിംഗ് ഗ്രൗണ്ടുകളിൽ നിന്നും കെ.എസ്.ആർ.ടി.സി ബസുകൾ നിശ്ചിത ടിക്കറ്റ് ചാർജ് ഈടാക്കി സർവ്വീസ് നടത്തുന്നതാണെന്നും അധികൃതർ വ്യക്തമാക്കി

# സംസ്കൃതസർവ്വകലാശാല : സംസ്കൃതദിനാഘോഷം ഡിസംബർ മൂന്നിന് തുടങ്ങും

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സംസ്കൃതദിനാഘോഷങ്ങൾ ഡിസംബർ മൂന്ന്, നാല് തീയതികളിൽ കാലടി മുഖ്യ ക്യാമ്പസിലുള്ള ലാംഗ്വേജ് ബ്ലോക്കിലെ സെമിനാർ ഹാളിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. ഡിസംബർ നാലിന് രാവിലെ 10.30ന് സംഘടിപ്പിക്കുന്ന സംസ്കൃതദിനാഘോഷങ്ങൾ വൈസ് ചാൻസലർ പ്രൊഫ. കെ.കെ ഗീതാകുമാരി ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസി മാത്യു അധ്യക്ഷയായിരിക്കും.

സോമനാഥ് സംസ്കൃതസർവ്വകലാശാലയുടെ മുൻ വൈസ് ചാൻസലർ പ്രൊഫ. ഗോപബന്ധു മിശ്ര മുഖ്യ പ്രഭാഷണം നിർവ്വഹിക്കും. രജിസ്ട്രാർ ഡോ. മോത്തി ജോർജ്, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ.എസ് അരുൺകുമാർ, പ്രൊഫ. എം. സത്യൻ, സംസ്കൃതപ്രചരണപദ്ധതിയുടെ നോഡൽ ഓഫീസർ പ്രൊഫ. കെ.വി അജിത്കുമാർ, ഡോ. കെ.സി രേണുക എന്നിവർ പ്രസംഗിക്കും. ഡോ. പി. വിശാലാക്ഷി (സംസ്കൃതം), ഡോ. പി. മാധവൻകുട്ടി വാര്യർ (ആയുർവേദം), എം.കെ. സുരേഷ് ബാബു (നാടകം) എന്നിവരെ ആദരിക്കും.

പ്രൊഫ. വി. ലിസി മാത്യു സമ്മാനദാനം നിർവ്വഹിക്കും. തുടർന്ന് നടക്കുന്ന വാക്യാർത്ഥസഭയിൽ പ്രൊഫ. കൃഷ്ണകുമാർ, പ്രൊഫ. ഇ.എം രാജൻ, ഡോ. കെ. വി വാസുദേവൻ, പ്രൊഫ. ഇ.ആർ നാരായണൻ, പ്രൊഫ. കെ. യമുന, ഡോ. ഇ.എൻ നാരായണൻ, പ്രൊഫ.ജി. ജ്യോത്സന എന്നിവർ പങ്കെടുക്കും.

# തദ്ദേശ പൊതുതിരഞ്ഞെടുപ്പ് : വോട്ടിങ് മെഷീൻ തയ്യാർ

**തിരുവനന്തപുരം:** തദ്ദേശതിരഞ്ഞെടുപ്പിൽ വോട്ടെടുപ്പിനുള്ള ഇലക്ട്രോണിക് വോട്ടിങ്മെഷീനുകൾ തയ്യാറായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു. 50,607കൺട്രോൾ യൂണിറ്റുകളും, 1,37,862 ബാലറ്റി യൂണിറ്റുകളുമാണ് ഇത്തവണ ഉപയോഗിക്കുന്നത്. ആദ്യഘട്ട പരിശോധന കഴിഞ്ഞ്പ്രവർത്തന സജ്ജമായ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഇന്നു മുതൽ ജില്ലകളിലെ സ്ട്രോംഗ് റൂമുകളിൽ നിന്ന് വിതരണ കേന്ദ്രങ്ങളിലേയ്ക്ക് കൊണ്ടുപോകും. ഡിസംബർ മൂന്നു മുതൽ അവയിൽ കാൻഡിഡേറ്റ് സെറ്റിങ് നടത്തി വോട്ടെടുപ്പിന് സജ്ജമാക്കും. കാൻഡിഡേറ്റ് സെറ്റിങ് കഴിഞ്ഞതിന് ശേഷം വിതരണകേന്ദ്രങ്ങളിലെ സ്ട്രോങ് റൂമിൽ സൂക്ഷിക്കും. അവ വോട്ടെടുപ്പിന്റെ തലേദിവസം പോളിങ് ഉദ്യോഗസ്ഥർക്ക് മറ്റ് പോളിങ് സാമഗ്രികൾക്കൊപ്പം വിതരണം ചെയ്യും. പൊതുതിരഞ്ഞെടുപ്പിന് മൾട്ടി പോസ്റ്റ് ഇ.വി.എം ആണ് ഉപയോഗിക്കുക.



പഞ്ചായത്തുകളിൽ ഉപയോഗിക്കുന്ന ഇവിഎമ്മിന് ഒരു കൺട്രോൾ യൂണിറ്റും മൂന്നു ബാലറ്റ് യൂണിറ്റുകളും ഉണ്ടായിരിക്കും. വോട്ടിംഗ് കംപാർട്ട്മെന്റിൽ വച്ചിട്ടുള്ള മൂന്നു ബാലറ്റ് യൂണിറ്റുകൾ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ ക്രമത്തിലാണ് സജ്ജീകരിക്കുക. നഗരസഭകളിൽ ഒരു കൺട്രോൾ യൂണിറ്റും ഒരു ബാലറ്റ് യൂണിറ്റുമാണ് ഉപയോഗിക്കുന്നത്. ഒരു ബാലറ്റ് യൂണിറ്റിൽ 15 വരെ സ്ഥാനാർത്ഥികളെയാണ് ക്രമീകരിക്കുന്നത്. ഏതെങ്കിലും തലത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ എണ്ണം 15ൽ കൂടുതലുണ്ടെങ്കിൽ രണ്ടാമതൊരു ബാലറ്റ് യൂണിറ്റ് കൂടി സജ്ജമാക്കും. 16 മുതലുള്ള സ്ഥാനാർത്ഥികളുടെ വിവരം രണ്ടാമത്തെ ബാലറ്റ് യൂണിറ്റിലാണ് ക്രമീകരിക്കുക. ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് പോസ്റ്റൽ ബാലറ്റിനുള്ള മൂന്ന് അപേക്ഷകളും പൂരിപ്പിച്ച് ഉത്തരവിന്റെ പകർപ്പ് സഹിതം ഒറ്റ കവറിൽ സമ്മതിദായകന്റെ പേര് ഉൾപ്പെടുന്ന ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തിലെ ഏതു വരണാധികാരിക്കും നൽകാമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. പോസ്റ്റൽ ബാലറ്റിനായി അപേക്ഷിക്കുന്നവർ നഗരസഭകളിൽ സമ്മതിദായകന്റെ പേര് ഉൾപ്പെടുന്ന വാർഡിന്റെ ചുമതലയുള്ള വരണാധികാരിക്ക് തന്നെ വേണം നൽകാൻ. ഒരു അപേക്ഷ നൽകിയാൽ മതിയാകും. അപേക്ഷയിൽ സമ്മതിദായകന്റെ പേരും പോസ്റ്റൽ മേൽവിലാസവും വോട്ടർ പട്ടികയുടെ ക്രമനമ്പരും. ഭാഗം (വിഭാഗം) നമ്പരും കൃത്യമായും രേഖപ്പെടുത്തണം.

ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ പോസ്റ്റൽ ബാലറ്റുകൾ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് വരണാധികാരിയും ഗ്രാമപഞ്ചായത്തുകളുടെ ബാലറ്റുകൾ ഗ്രാമ പഞ്ചായത്ത് വരണാധികാരിയുമാണ് സമ്മതിദായകർക്ക് അയക്കുക. ഈ വരണാധികാരികൾ മൂന്ന് തലത്തിലേക്കുമുള്ള ബാലറ്റ് പേപ്പറുകളും, രേഖകളും, കവറുകളും ഒന്നിച്ചായിരിക്കും അയക്കുക. ഇതിനകം പരിശീലന കേന്ദ്രങ്ങളിലും ജില്ലാ കേന്ദ്രങ്ങളിലും ലഭിച്ചതും ലഭിക്കുന്നതുമായ വോട്ടർമാരുടെ പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷബന്ധപ്പെട്ട വരണാധികാരികൾക്ക് ഉടൻ കൈമാറി തുടർനടപടി സ്വീകരിക്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷണർ നിർദ്ദേശം നൽകി. വോട്ടെണ്ണൽ ദിവസം രാവിലെ 8 മണിക്ക് മുൻപ് തന്നെ വരണാധികാരിക്ക് കിട്ടത്തക്കവിധമുള്ള സമയക്രമീകരണം വരുത്തി വേണം വോട്ട് രേഖപ്പെടുത്തിയ പോസ്റ്റൽ ബാലറ്റുകൾ അയക്കേണ്ടത്.

# വ്യാപാരികളായ സ്ഥാനാർഥികൾക്ക് പിന്തുണ: കെ.വി.വി.ഇ.എസ് യൂത്ത് വിംഗ്




കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലാ പ്രവർത്തക കൺവെൻഷൻ ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് അഹമ്മദ് ഷെരീഫ് ഉദ്ഘാടനം ചെയ്യുന്നു. ശ്രീനാഥ് മംഗലത്ത്, സി.എസ് രാമചന്ദ്രൻ, പ്രദീപ് ജോസ്, പി, സി ജേക്കബ്ബ്, ജിമ്മി ചകൃത്ത്, കെ. ടി ജോയി, അജ്മൽ കാമ്പായി, ജംഷീർ വാഴയിൽ തുടങ്ങിയവർ സമീപം

**കൊച്ചി:** തദ്ദേശ സ്വയം ഭരണ സ്ഥാപന തിരഞ്ഞെടുപ്പിൽ മൽസരിക്കുന്ന വ്യാപാരികളായ സ്ഥാനാർഥികളെ പിന്തുണയ്ക്കുമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലാ പ്രവർത്തക കൺവെൻഷൻ. വ്യാപാരികളുടെ വോട്ടും നോട്ടും വാങ്ങി ജയിക്കുന്നവർ ജയിച്ചു കഴിഞ്ഞാൽ പിന്നെ വ്യാപാരികളെ തിരിഞ്ഞു നോക്കുന്നില്ല. വ്യാപാരികൾക്കു വേണ്ടി ശബ്ദമുയർത്താൻ വ്യാപാരികൾ മാത്രമേയുള്ളുവെന്നതാണ് നിലവിലെ അവസ്ഥ. ഈ സാഹചര്യത്തിലാണ് വ്യാപാരികളായ സ്ഥാനാർഥികളെ പാർട്ടി നോക്കാതെ പിന്തുണയ്ക്കാൻ പ്രവർത്തക സമിതി കൺവെൻഷൻ തീരുമാനിച്ചത്.

കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് അഹമ്മദ് ഷെരീഫ് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായ പി. സി ജേക്കബ്ബ് മുഖ്യപ്രഭാഷണം നടത്തി.

യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ് അധ്യക്ഷത വഹിച്ചു. ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി സി.എസ് രാമചന്ദ്രൻ , ജില്ലാ വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചകൃത്ത്, ജില്ലാ സെക്രട്ടറി കെ. ടി ജോയി , യൂത്ത് വിംഗ് ജില്ലാ ജനറൽ സെക്രട്ടറി വിനോദ് ബേബി, ട്രഷറർ അജ്മൽ കാമ്പായി, വൈസ് പ്രസിഡന്റുമാരായ മുരളി വിടക്കുഴ, ശ്രീനാഥ് മംഗലത്ത്, ജംഷീർ വാഴയിൽ , ശിഹാബ് പള്ളിക്കര, എൽസൻ ഏലിയാസ് തുടങ്ങിയവർ സംസാരിച്ചു.

# അനുസ്മരണ പ്രഭാഷണം ഡിസംബർ ഒന്നിന്

**തിരുവനന്തപുരം:** മുൻ ചീഫ് സെക്രട്ടറിയും ആസൂത്രണബോർഡ് ഉപാധ്യക്ഷനും തിരുവനന്തപുരം സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ (സി.എം.ഡി) മുൻ ചെയർമാനും പത്മഭൂഷൺ ജേതാവുമായിരുന്ന വി. രാമചന്ദ്രന്റെ ഏഴാമത് അനുസ്മരണ പ്രഭാഷണം ഡിസംബർ ഒന്നിന് നടക്കും.

ഇന്ത്യൻ ജനാധിപത്യവികേന്ദ്രീകരണം ഒരു വഴിത്തിരിവ് എന്ന വിഷയത്തിൽ ഭരണ വികേന്ദ്രീകരണ വിദഗ്ധൻ റ്റി. ആർ. രഘുനന്ദൻ പ്രഭാഷണം നടത്തും. തൈക്കാട് പ്രവർത്തിക്കുന്ന സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ (സി.എം.ഡി) സിൽവർ ജൂബിലി ഹാളിൽ വൈകുന്നേരം 5 നാണ് പരിപാടി. സി.എം.ഡി ചെയർമാൻ എസ്. എം. വിജയാനന്ദ് അധ്യക്ഷത വഹിക്കും.

# ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു



**കൊച്ചി:** എറണാകുളം ടൗൺ നോർത്ത് പോലീസിന്റെ നേതൃത്വത്തിൽ വിദ്യാർഥികൾക്കായി എസ്സി/ എസ്ടി നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. വടുതല ചിന്മയ വിദ്യാലയത്തിൽ നടന്ന സെമിനാർ അസിസ്റ്റന്റ് കമ്മിഷണർ രാജ്കുമാർ ഉദ്ഘാടനം ചെയ്തു. അഡ്വക്കേറ്റ് സന്ധ്യാ വേണി ക്ലാസ്സ് നയിച്ചു.

സ്കൂൾ പ്രിൻസിപ്പൽ വി. പ്രതിഭ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ സുനിത, സീനിയർ സിവിൽ പോലീസ് ഓഫീസർ ബിനോ ബാബു എന്നിവർ പങ്കെടുത്തു. ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നായി 200 ഓളം എസ്.പി.ജി, എസ്.പി.സി വിദ്യാർത്ഥികളും, രക്ഷിതാക്കളും, അധ്യാപകരും പങ്കെടുത്തു. വിദ്യാർഥികളിൽ നിയമാവബോധവും സാമൂഹിക ജാഗ്രതയും വർധിപ്പിക്കുന്നതിനുള്ള പോലീസ് വകുപ്പിന്റെ സംയോജിത പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് പരിപാടി സംഘടിപ്പിച്ചത്

# സീറ്റ് ഒഴിവ്

**കൊച്ചി:** എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ, 2025–26 അദ്ധ്യയന വർഷത്തിൽ എൽ. എൽ. എം. കോഴ്സിൽ കാഴ്ച്ചപരിമിത വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. എൽ. എൽ. ബി. യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഡിസംബർ ആറ് വൈകിട്ട് മൂന്ന് വരെ അപേക്ഷകൾ നേരിട്ട് സ്വീകരിക്കും.

# കെൽട്രോൺ ജേണലിസം കോഴ്സ്

**കൊച്ചി:** കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിൽ 2025–26 വർഷത്തെ മാധ്യമ പഠനത്തിനുള്ള പുതിയ ബാച്ചുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു. തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് കെൽട്രോൺ കേന്ദ്രങ്ങളിലേക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. ഡിഗ്രി/പ്ലസ്ടു യോഗ്യതയുള്ളവർക്ക് നേരിട്ട് കെൽട്രോൺ കേന്ദ്രങ്ങളിൽ എത്തി അഡ്മിഷൻ നേടാം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 12. ഫോൺ- 9544958182.

# വിമുക്തഭടന്മാരുടെ ശ്രദ്ധയ്ക്ക്

**കൊച്ചി:** ഫുൾ ടൈം തൊഴിലധിഷ്ഠിത/ സാങ്കേതിക കോഴ്സുകൾക്ക് പഠിക്കുന്ന വിമുക്തഭടന്മാരുടെ ആശ്രിതരായ മക്കൾ, ഭാര്യ എന്നിവർക്ക് (സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സ്കോളർഷിപ്പുകൾ ലഭിക്കാത്തവർ) പ്രൊഫഷണൽ കോഴ്സ് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. സർവീസ് പ്ലസ് (www.serviceonline.gov.in) പ്ലാറ്റ്ഫോമിൽ ഓൺലൈനായി ഡിസംബർ 20 നു മുമ്പ് അപേക്ഷ സമർപ്പിക്കണം. ഫോൺ 0484-2422239

# ഇൻഡന്റ് രേഖപ്പെടുത്തണം

**തിരുവനന്തപുരം:** 2026–27 അധ്യയന വർഷത്തെ ഒന്നു മുതൽ 10 വരെ ക്ലാസുകളിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് നവംബർ 29 മുതൽ ഡിസംബർ 14 വരെ www.tbms.kite.kerala.gov.in വെബ്സൈറ്റ് മുഖേന ഓൺലൈനായി രേഖപ്പെടുത്തണം.

# പോളിങ് ഉദ്യോഗസ്ഥരുടെ പരിശീലനം

**ആലപ്പുഴ:** തിരഞ്ഞെടുപ്പ് ജോലികൾക്കായി നിയോഗിച്ച ഉദ്യോഗസ്ഥരുടെ പരിശീലനം നവംബർ 28ന് അവസാനിക്കും. ഉദ്യോഗസ്ഥരുടെ അവസാന ഘട്ട റാൻഡമൈസേഷൻ ഡിസംബർ രണ്ടിന് നടക്കും. ബ്ലോക്കുകളിലേക്കുള്ള ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ വിതരണം നവംബർ 28 ന് ആരംഭിച്ച് 30 ന് അവസാനിക്കും.

ബ്ലോക്കുകളിലേക്കുള്ള പോളിംഗ് സാമഗ്രികളുടെ വിതരണം ഡിസംബർ ഒന്ന്, രണ്ട് തീയതികളിലും ഇ.വി.എം കമ്മീഷണിംഗ് ഡിസംബർ മൂന്നിനും നടക്കും. പോളിംഗ് സാമഗ്രികളുടെ ബ്ലോക്കുകളിൽ /നഗരസഭകളിൽ നിന്നുള്ള വിതരണം ഡിസംബർ എട്ടിന് നടക്കും. വോട്ടെടുപ്പ് ഡിസംബർ ഒമ്പതിനും വൊട്ടെണ്ണൽ ഡിസംബർ 13നുമാണ്.

# മത്സ്യ മേഖല സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ

# ഐ.സി.എ.ആർ–സി.ഐ.എഫ്.ടി.യും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും കൈകോർത്തു



**കൊച്ചി:** രാജ്യത്തെ മത്സ്യാധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്കും സാങ്കേതിക നവീകരണങ്ങൾക്കും സാമ്പത്തിക പിന്തുണ ഉറപ്പാക്കുന്ന ലക്ഷ്യത്തോടെ ഐ.സി.എ.ആർ–സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (ഐ.സി.എ.ആർ–സി.ഐ.എഫ്.ടി), കൊച്ചി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്.ബി.ഐ.)യുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു.

ഇരുസ്ഥാപനങ്ങളുടെയും ഉന്നതാധികാരികളുടെ സാന്നിധ്യത്തിലാണ് കരാർ ഒപ്പുവെച്ചത്. ഐ.സി.എ.ആർ–സിഐഎഫ്.ടിയുടെ ZTM-ABI സെന്റർ ദേശീയ തലത്തിലുള്ള ഏകോപന കേന്ദ്രമായി പ്രവർത്തിച്ച് യോഗ്യരായ സംരംഭകരെ കണ്ടെത്തി അവർക്ക് വേണ്ട സാങ്കേതിക പിന്തുണയും പരിശീലനവും നൽകും. കരാറിന്റെ ഭാഗമായി, ZTM-ABIയിൽ രജിസ്റ്റർ ചെയ്ത സംരംഭകർക്ക് എസ്.ബി.ഐ. മുൻഗണനാ അടിസ്ഥാനത്തിൽ വർക്ക് കാപിറ്റൽ, ടേം ലോൺ, സ്റ്റാർട്ടപ്പ് ഫിനാൻസിംഗ് എന്നിവ ഉൾപ്പെടെയുള്ള സാമ്പത്തിക സഹായങ്ങൾ പദ്ധതിയുടെ യോഗ്യതയും ബാങ്കിന്റെ മാനദണ്ഡങ്ങളും പരിഗണിച്ച് അനുവദിക്കുന്നതാണ്.

മത്സ്യ മേഖലയിലെ നവീകരണവും സ്റ്റാർട്ടപ്പുകളുടെ വളർച്ചയും ഈ സഹകരണത്തിലൂടെ കൂടുതൽ വേഗത്തിലാകുമെന്ന് ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു.

# 'എവരിതിങ് എക്സ്ട്രാ' ; ഗ്രീവ്സ് എൽട്രാ സിറ്റി എക്സ്ട്രാ എത്തി



**കൊച്ചി:** ഗ്രീവ്സ് കോട്ടൺ ലിമിറ്റഡിന്റെ ഇ–മൊബിലിറ്റി വിഭാഗമായ ഗ്രീവ്സ് ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡ് (ജെ.ഇ.എം.എൽ) ഗ്രീവ്സ് എൽട്രാ സിറ്റിയുടെ മെച്ചപ്പെടുത്തിയ വകഭേദമായ ഗ്രീവ്സ് എൽട്രാ സിറ്റി എക്സ്ട്രാ കേരള വിപണിയിൽ അവതരിപ്പിച്ചു. നഗര ഗതാഗതത്തിന് അനുയോജ്യമായ തരത്തിലാണ് രൂപകൽപനയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. പ്രകടനക്ഷമത, സാങ്കേതികവിദ്യ, സുരക്ഷ എന്നിവയുടെ ശക്തമായ സംയോജനത്തിലൂടെ ദൈനംദിന നഗര ഗതാഗതത്തെ മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ 'എവരിതിങ് എക്സ്ട്രാ' എന്ന ലേബലിലാണ് എൽട്രാ സിറ്റി എക്സ്ട്രാ എത്തുന്നത്.

170 കിലോമീറ്റർ റേഞ്ച് ഉറപ്പുനൽകുന്ന വാഹനം പവർ മോഡിൽ 60 കിലോമീറ്റർ വേഗതയിൽ വരെ സഞ്ചരിക്കും. ഡിസ്റ്റൻസ് ടു എംപ്റ്റി (ഡിടിഇ), നാവിഗേഷൻ എന്നിവ ഉൾക്കൊള്ളുന്ന 6.2 ഇഞ്ച് പിഎംവിഎ ഡിജിറ്റൽ ക്ലസ്റ്റർ നഗര യാത്രകൾ കൂടുതൽ സുഗമമാക്കും. മികച്ച ഗ്രൗണ്ട് ക്ലിയറൻസിനും സൗകര്യത്തിനുമായി 12 ഇഞ്ച് റേഡിയൽ ട്യൂബ് ലെസ് ടയറുകളാണ് എൽട്രാ സിറ്റി എക്സ്ട്രായിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഒറ്റ ചാർജിൽ ബംഗളൂരിൽ നിന്ന് റാണിപ്പെട്ടിലേക്ക് 324 കിലോമീറ്റർ ദൂരം സഞ്ചരിച്ച് എൽട്രാ സിറ്റി എക്സ്ട്രാ ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടിയിരുന്നു. വലിയ 180എംഎം ബ്രേക്ക് ഡ്രമ്മുകൾ, ബലപ്പെടുത്തിയ സൈഡ് പാനലുകൾ, റിയർ വിഷ്വൽ ബാരിയർ എന്നിവ ഡ്രൈവർക്കും യാത്രക്കാർക്കും ശക്തമായ സംരക്ഷണം ഉറപ്പാക്കും.

45 മണിക്കൂറിൽ ഫുൾ ചാർജ് ചെയ്യാം. 5 വർഷം അല്ലെങ്കിൽ 1.2 ലക്ഷം കിലോമീറ്റർ ബാറ്ററി വാറന്റിയും, 3 വർഷം അല്ലെങ്കിൽ 80,000 കിലോമീറ്റർ വാഹന വാറന്റിയും എൽട്രാ സിറ്റി എക്സ്ട്രാ ഉടമകൾക്ക് ഉറപ്പുനൽകുന്നു. വില 3,57,000 രൂപ മുതലാണ് ആരംഭിക്കുന്നതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# സിടെബ്സ് ഇൻഫോപാർക്ക് ഫേസ് രണ്ടിൽ പ്രവർത്തനം വിപുലീകരിച്ചു

**കൊച്ചി:** വസ്ത്ര നിർമ്മാതാക്കൾക്കുള്ള ഡിജിറ്റൽ സൊല്യൂഷനുകൾ പ്രദാനം ചെയ്യുന്ന ക്ലാസിക് ടെക്നോളജീസ് ആന്റ് ബിസിനസ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് , ഇൻഫോപാർക്ക് കൊച്ചി ഫേസ് 2 ലേക്ക് പ്രവർത്തനം വിപുലീകരിച്ചു. 4500 ചതുരശ്രയടി സ്ഥലമാണ് കാക്കനാട് ട്രാൻസ് ഏഷ്യ സൈബർ പാർക്കിൽ കമ്പനി എടുത്തിരിക്കുന്നത്.

സിടെബ്സിന്റെ സോഫ്റ്റ് വെയർ ഉൽപ്പന്നങ്ങൾക്ക് രാജ്യത്തിനകത്തും പുറത്തുമുള്ള വസ്ത്രനിർമ്മാണ യൂണിറ്റുകളിൽ നിന്ന് ആവശ്യക്കാരുണ്ട്. ആറ് രാജ്യങ്ങളിലായി 34 ആഗോള ബ്രാൻഡുകൾ, 4026 സ്റ്റൈലിസ്റ്റുകൾ, 50 ലധികം ഫാക്ടറികൾ, 1200 തുന്നൽ യൂണിറ്റുകൾ എന്നിവ സിടെബ്സിന്റെ ഉപഭോക്താക്കളാണ്. വസ്ത്രനിർമ്മാണ മേഖലയിലെ നിർമ്മാണ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി രൂപകൽപന ചെയ്ത വൈവിധ്യമാർന്ന സോഫ്റ്റ് വെയർ ഉത്പന്നങ്ങളാണ് സിടെബ്സിലൂടെ ലഭിക്കുന്നതെന്ന് കമ്പനിയുടെ ബിസിനസ് യൂണിറ്റ് മേധാവി വി.എസ് മത്തായി പറഞ്ഞു.

ക്ലൗഡ് അധിഷ്ഠിതമായ 'ട്രെൻഡ്സ് സിഎംപി, ട്രെൻഡ്സ് പ്ലാനർ, ട്രെൻഡ്സ് ഗാർഡ്, ട്രെൻഡ്സ് ക്ലിയർ, ട്രെൻഡ്സ് പീപ്പിൾ, ട്രെൻഡ്സ് ട്രാക്ക് എന്നിവയാണ് പ്രധാന ഉത്പന്നങ്ങൾ. നിലവിലുള്ള കോർപ്പറേറ്റ് സിസ്റ്റങ്ങളുമായി എളുപ്പത്തിൽ സംയോജിപ്പിക്കാൻ ഇതിലൂടെ സാധിക്കും. വ്യവസായിക മേഖലയിലെ പ്രൊഫഷണലുകൾ വ്യവസായത്തിനായി ഇത്തരം സൊല്യൂഷനുകൾ ഉപയോഗപ്പെടുത്തത് സിടെബ്സിനെ വ്യത്യസ്തമാക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

## കാന്തർ ബ്രാൻഡ്സെഡ് പട്ടികയിൽ എച്ച്ഡിഎഫ്സി ബാങ്ക് ഒന്നാമത്

HDFC BANK
We understand your world

**കൊച്ചി:** ഇന്ത്യയിലെ മുൻനിര സ്വകാര്യ മേഖല ബാങ്കായ എച്ച്ഡിഎഫ്സി ബാങ്ക്, കാന്തർ ബ്രാൻഡ്സെഡിന്റെ 100 ഇന്ത്യൻ ബ്രാൻഡുകളുടെ റിപ്പോർട്ട് പ്രകാരം രാജ്യത്തെ ഏറ്റവും മൂല്യവത്തായ ബ്രാൻഡായി റാങ്ക് ചെയ്യപ്പെട്ടതായി ബാങ്ക് അധികൃതർ. ഡിജിറ്റൽ നവീകരണത്തിനും ഉപഭോക്തൃ കേന്ദ്രീകൃത തന്ത്രങ്ങൾക്കുമുള്ള ബാങ്കിന്റെ പ്രതിബദ്ധതയാണ് ഈ മൂല്യനിർണ്ണയത്തിന് കാരണം. 2024ൽ 38.3 ബില്യൺ ഡോളറായിരുന്ന എച്ച്ഡിഎഫ്സി ബാങ്കിന്റെ ബ്രാൻഡ് മൂല്യം 18 ശതമാനം വർധിച്ച് 44.9 ബില്യൺ ഡോളറായി. 2014ൽ പുറത്തിറങ്ങിയ ആദ്യത്തെ ബ്രാൻഡ്സെഡ് ഇന്ത്യ റിപ്പോർട്ടിന് ശേഷം ഇത് 377 ശതമാനം വർദ്ധിച്ചു. കഴിഞ്ഞ 12 വർഷത്തിൽ എട്ട് വർഷവും ബാങ്ക് ഒന്നാം സ്ഥാനത്താണ്

## കപ്പൽ ദുരന്തം : പുതിയ അന്വേഷണ റിപ്പോർട്ടുമായി ഗ്രീൻപീസ്

**തിരുവനന്തപുരം:** കേരള തീരത്ത് അടുത്തിടെയുണ്ടായ എംഎസ്സി എൽസ-3 കപ്പൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പുതിയ അന്വേഷണ റിപ്പോർട്ടുമായി പരിസ്ഥിതി സംഘടനയായ ഗ്രീൻപീസ്. സുതാര്യവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു സംവിധാനത്തിലൂടെ നഷ്ടപരിഹാര തുക ദുരിതബാധിത സമൂഹങ്ങൾക്ക് നൽകണമെന്നു ഗ്രീൻപീസ് ഇന്ത്യ ക്ലൈമറ്റ് ക്യാംപെയ്നർ എസ്.എൻ. അമൃത, ഗ്രീൻപീസ് ഇന്ത്യ മീഡിയ ഓഫീസർ നിബേദിത സാഹ എന്നിവർ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.'ബിലോ ഡെക്ക്: ദ് ട്രൂത്ത് ബി നീത് വാട്ട് യു സീ' (എംഎസ്സി)' എന്ന പുതിയ അന്വേഷണ റിപ്പോർട്ടിൽ ദുരിതബാധിതർക്ക് നഷ്ടപരിഹാര തുകയായി 1,227 കോടി രൂപ നൽകാനുള്ള കേരള ഹൈക്കോടതിയുടെ ഉത്തരവ് പാലിക്കണമെന്നും ഇവർ ആവശ്യപ്പെട്ടു. കമ്പനി നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് 8000ത്തിലധികം പരാതികളാണ് കഴിഞ്ഞ ദിവസം ഗ്രീൻപീസിന്റെ നേതൃത്വത്തിൽ എംഎസ്സി ആസ്ഥാനത്ത് എത്തിയത്.

## കൊച്ചിയിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ച് മെർപ് സിസ്റ്റംസ്

**കൊച്ചി:** വാണിജ്യരംഗത്തെ സ്ഥാപനങ്ങൾക്ക് സോഫ്റ്റ് വെയർ സേവനങ്ങൾ നൽകുന്ന മെർപ് സിസ്റ്റംസ് ഇൻഫോപാർക്കിലെ കാർണിവൽ ക്യാമ്പസിൽ പ്രവർത്തനമാരംഭിച്ചു. പ്രധാനമായും യുഎസ്എ കേന്ദ്രീകരിച്ച് സേവനങ്ങൾ നൽകി വരുന്ന മെർപ് സിസ്റ്റംസ് ചേർത്തല ഇൻഫോപാർക്ക് കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. കമ്പനിയുടെ യുഎസ് പ്രവർത്തനങ്ങൾ കൂടുതലായും ചേർത്തല കാമ്പസിൽ നിന്നാണ് നടത്തുന്നതെന്ന് മെർപ് ഡയറക്ടർ രോഹിത് കുമാർ പറഞ്ഞു. യുഎസിന് പുറത്തേക്കും ഗൾഫ് മേഖലയിലേക്കും പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായാണ് കൊച്ചിയിലേക്ക് ഓഫീസ് സംവിധാനം വ്യാപിപ്പിക്കുന്നത്.

മൈക്രോസോഫ്റ്റ് അടിസ്ഥാനമാക്കിയ ഡിജിറ്റൽ ട്രാൻസ്ഫോർമേഷനാണ് മെർപ് നൽകുന്ന സേവനങ്ങൾ. മൈക്രോസോഫ്റ്റ് പവർ, ഡൈനാമിക് 365, മൈക്രോസോഫ്റ്റ് എഐ എന്നിവയാണ് ഇതിനായി ഉപയോഗിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സോഫ്റ്റ് വെയർ സേവനങ്ങൾക്ക് മാത്രമായി കൊച്ചിയിൽ മികവിന്റെ കേന്ദ്രം(സെന്റർ ഓഫ് എക്സലൻസ്) സ്ഥാപിക്കുന്നത് സജീവ പരിഗണനയിലാണെന്ന് കമ്പനിയുടെ നിർമ്മിത ബുദ്ധി വിഭാഗം മേധാവി ഡോ. ഗോപകുമാർ പറഞ്ഞു. മികച്ച നൈപുണ്യ ശേഷിയുള്ള ജീവനക്കാരെ ഇതിനായി റിക്രൂട്ട് ചെയ്യാനൊരുങ്ങുകയാണ്. താമസിയാതെ കേരളത്തിന് വെളിയിലും ഓഫീസ് തുറക്കുന്നത് ആലോചിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കെ.എസ്.ഇ.ആർ.സി ഇന്റേൺഷിപ്പ് അപേക്ഷ തീയതി നീട്ടി

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് / ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗങ്ങളിലെ ബിടെക് / എംടെക് ബിരുദധാരികൾക്ക് (ഫ്രഷേഴ്സ്) നടത്തുന്ന ഇന്റേൺഷിപ്പ് പരിപാടിക്കുള്ള ഓൺലൈൻ അപേക്ഷയുടെ അവസാന തീയതി ഡിസംബർ 5 വരെ നീട്ടി. വിശദാംശങ്ങൾക്ക്: www.erckerala.org. അഭിപ്രായങ്ങൾക്കും വിശദീകരണങ്ങൾക്കും: kserc@erckerala.org.

# ഐസിഎൽ ഫിൻകോർപ്പ് ഡൽഹിയിൽ സോണൽ ഓഫിസും അഞ്ച് ബ്രാഞ്ചുകളും തുറന്നു



**ന്യൂഡൽഹി:** സാമ്പത്തിക സർവീസുകളുടെ ലഭ്യത വർദ്ധിപ്പിച്ച് ദേശീയ വികസനത്തെ പിന്തുണയ്ക്കുകയെന്ന ലക്ഷ്യവുമായി ഐസിഎൽ ഫിൻകോർപ്പ് ഡൽഹിയിൽ സോണൽ ഓഫീസും അഞ്ചു പുതിയ ബ്രാഞ്ചുകളും തുറന്നു. ന്യൂഡൽഹിയിലെ കോണോട്ട് പ്ലേസ് ബ്രാഞ്ചിൽ നടന്ന യോഗത്തിൽ ഇന്ത്യ-ക്യൂബ ട്രേഡ് കമ്മീഷണറും ഐസിഎൽ ഫിൻകോർപ്പ് മാനേജിംഗ് ഡയറക്ടറും എൽ.എ.സി.ടി.സി ഗുഡ് വിൽ അംബാസിഡറുമായ അഡ്വ. കെ. ജി അനിൽകുമാർ സോണൽ ഓഫിസിന്റെയും ബ്രാഞ്ചുകളുടെയും ഉദ്ഘാടനം നിർവ്വഹിച്ചു.

ഡൽഹിയിലെ ജനങ്ങൾക്കു ഉപഭോക്തൃകേന്ദ്രീകൃത ധനകാര്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഐസിഎൽ ഫിൻകോർപ്പിന്റെ ദൗത്യത്തിലേക്കുള്ള വലിയ നേട്ടമാണ് പുതിയ ഓഫിസിന്റെയും ബ്രാഞ്ചുകളുടെയും ഉദ്ഘാടനമെന്ന് അഡ്വ. കെ. ജി അനിൽകുമാർ പറഞ്ഞു. കോണോട്ട് പ്ലേസിന്റെ ഹൃദയഭാഗത്ത് ആരംഭിച്ച പുതിയ സോണൽ ഓഫീസ് ഈ മേഖലയിലെ പ്രധാന ഓപ്പറേഷൻസ് ഹബ്ബ് ആയി പ്രവർത്തിക്കും. കോണോട്ട് പ്ലേസ്, മൽവിയ നഗർ, കരോൾ ബാഗ്, രാജീന്ദർ നഗർ, രോഹിണി എന്നിവിടങ്ങളിലായി അഞ്ചു പുതിയ ബ്രാഞ്ചുകളും ആരംഭിച്ചു. ഇതിലൂടെ ഡൽഹിയിൽ മെച്ചപ്പെട്ട സേവന ലഭ്യതയും വേഗത്തിലുള്ള സർവീസ് ഡെലിവറിയും ഉപഭോക്താക്കൾക്ക് മികച്ച സൗകര്യവും ഉറപ്പാക്കും.

മുപ്പതിലധികം വർഷങ്ങളായി ഇന്ത്യൻ എൻബിഎഫ്സി മേഖലയിലെ വിശ്വസ്തമായ പേര് എന്ന നിലയിൽ ഐസിഎൽ ഫിൻകോർപ്പ് ജനങ്ങളിലേക്ക് സുരക്ഷിതവും സുതാര്യവുമായ ധനകാര്യ സേവനങ്ങൾ എത്തിച്ചു വരുന്നു. രാജ്യത്തുടനീളം രണ്ടായിരത്തിലധികം ജീവനക്കാർ, മുന്നൂറിലധികം ശാഖകൾ, മുപ്പത്തിയഞ്ച് ലക്ഷത്തിലധികം ഉപഭോക്താക്കൾ എന്നിവയോടൊപ്പം ഐസിഎൽ ഫിൻകോർപ്പ് ജൈത്രയാത്ര തുടരുകയാണെന്നും അദ്ദേഹം പറഞ്ഞു. ഐസിഎൽ ഫിൻകോർപ്പ് വൈസ് ചെയർപേഴ്സണും സി.ഇ.ഒയുമായ ഉമ അനിൽകുമാർ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. ഐസിഎൽ ഫിൻകോർപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. രാജശ്രീ അജിത്, ഐസിഎൽ ഫിൻകോർപ്പ് ഇൻഡിപ്പെൻഡന്റ് ഡയറക്ടർ സി.എസ് ഷിന്റോ സ്റ്റാൻലി തുടങ്ങിയവർ സംസാരിച്ചു.

# നവസംരംഭകർക്കായി 'ദി ഡയലോഗ്' പരമ്പര

**കൊച്ചി:** വളർന്നു വരുന്ന സംരംഭകർക്ക് ദിശാബോധവും വിദഗ്ധോപാദേശവും നൽകുന്നതിനായി ഇൻഫോപാർക്കിലെ സാമൂഹ്യസാംസ്ക്കാരിക കൂട്ടായ്മയായ പ്രോഗ്രസീവ് ടെക്കീസ് ദി ഡയലോഗ് എന്ന മാസിക പ്രഭാഷണ പരമ്പര ആരംഭിച്ചു. ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ ഒന്നര പതിറ്റാണ്ടായി നവസംരംഭകർക്ക് സുരക്ഷിതമായ പാതയൊരുക്കിയ സംസ്ഥാനമാണ് കേരളമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഫ്രം ഐഡിയ ടു മിനിമം വയബിൾ പ്രൊഡക്ട് ഹൗ ഫൗണ്ടേഴ്സ് ക്യാൻ ബിൽഡ്, പിച്ച് ആൻഡ് സ്കെയിൽ എന്നതായിരുന്നു പരമ്പരയിലെ ഉദ്ഘാടന പ്രഭാഷണ വിഷയം.

വ്യവസായ നേതൃനിര, നിക്ഷേപകർ, കേരള സ്റ്റാർട്ടപ്പ് മിഷൻ ഉദ്യോഗസ്ഥർ തുടങ്ങിയവരെ ഒന്നിച്ചു കൊണ്ടുവരാനും ഇതിലൂടെ ഉദ്ദേശിക്കുന്നുണ്ട്. കഴിഞ്ഞ 10-15 വർഷത്തിനിടയിൽ ആശയരൂപീകരണം, മാതൃക, ഉത്പന്ന വികസനം, വിപണി പ്രവേശനം, നിക്ഷേപ അവസരങ്ങൾ തുടങ്ങി സംരംഭകർക്ക് സമഗ്ര പിന്തുണ കേരളം നൽകി വരുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സർക്കാർ ഏജൻസികൾ, സാങ്കേതിക പങ്കാളികൾ, ജിടെക്, പ്രോഗ്രസീവ് ടെക്കീസ് പോലുള്ള സാമൂഹ്യ കൂട്ടായ്മകൾ എന്നിവയുടെ കൂട്ടായ പരിശ്രമം ഈ മുന്നേറ്റത്തെ സഹായിച്ചിട്ടുണ്ട്. സംരംഭകർ സുരക്ഷിതമായ ജോലികൾ ഉപേക്ഷിക്കുന്നതിനെക്കുറിച്ചോർത്ത് ഇന്ന് ഭയപ്പെടുന്നില്ലെന്ന് മാധ്യമപ്രവർത്തനത്തിൽ നിന്നും ടെക് സംരംഭത്തിലേക്കെത്തിയ ഡെൻസിൽ ആന്റണിയുടെ ഉദാഹരണം അദ്ദേഹം ചൂണ്ടിക്കാട്ടി. കെഎസ്‌യുഎം പ്രോജക്ട് ഡയറക്ടർ ലെഫ്. കമാൻഡർ(റിട്ട.) ഇ. വി സജിത് കുമാർ, പ്രോഗ്രാംസ് ആൻഡ് കമ്മ്യൂണിക്കേഷൻ ലീഡ് എൻ.എം നാസിഫ് എന്നിവരും സംസാരിച്ചു. അൺലോക്കിംഗ് ഒൺട്രപ്രണേറിയൽ പൊട്ടൻഷ്യൽ എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ പ്രമുഖ ഐടി കമ്പനി സ്ഥാപകരായ സുജാസ് അലി (ആബാ സോഫ്റ്റ്), ജിലു ജോസഫ്(സിഇഒ വെബ് ആൻഡ് ക്രാഫ്റ്റ്സ്), റമീസ് അലി(ഇന്റർവെൽ ലേണിംഗ്) ഡെൻസിൽ ആന്റണി(എക്സ് ആർ ഹൊറൈസൺ) എന്നിവരും കേരളത്തിലെ സ്റ്റാർട്ടപ്പ് നിക്ഷേപ സാഹചര്യത്തെക്കുറിച്ചുള്ള രണ്ടാമത്തെ സെഷനിൽ ജെയിൻ ഡീംഡ് ടു ബി സർവകലാശാല ഡയറക്ടർ ടോം എം. ജോസഫ്, മൈകെയർ സ്ഥാപകൻ സെനു സാം, റിട്ട.ലെഫ്. കമാൻഡർ സജിത് കുമാർ എന്നിവരും പങ്കെടുത്തു.



# കീർണിയുമായി സഹകരിച്ച് സ്വിഗ്ഗി ; 'ഹൗ ഇന്ത്യ ഈറ്റ്സ് 2025' പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഓൺ ഡിമാൻഡ് കൺവീനിയൻസ് പ്ലാറ്റ്ഫോമായ സ്വിഗ്ഗി കീർണിയുമായി സഹകരിച്ച് വാർഷിക റിപ്പോർട്ടായ 'ഹൗ ഇന്ത്യ ഈറ്റ്സ് 2025' പുറത്തിറക്കി. ഇന്ത്യയുടെ വേഗത്തിൽ മാറുന്ന ഭക്ഷണശീലങ്ങളെ രേഖപ്പെടുത്തുന്ന ഈ റിപ്പോർട്ട് പ്രകാരം, രാജ്യത്തെ ഫുഡ് സർവീസസ് വിപണി 2030 ഓടെ ബില്ല്യൺ കടക്കും, അതിൽ 60%ത്തിലധികം വളർച്ച സംഘടിത മേഖലയായിരിക്കും നയിക്കുക. ഉപഭോക്താക്കൾ കൂടുതൽ പരീക്ഷണാത്മകമായി മാറി കൂടുതൽ വിഭവങ്ങളും റെസ്റ്റോറന്റുകളും പരീക്ഷിക്കുന്നു.

രാത്രി വൈകിയുള്ള ഓർഡറുകൾ വൻ വളർച്ച രേഖപ്പെടുത്തുമ്പോൾ, ആരോഗ്യകരവും പ്രോട്ടീൻ സമൃദ്ധവുമായ ഭക്ഷണങ്ങളുടെ ആവശ്യവും 2.3 മടങ്ങ് ഉയർന്നതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

# സൈബർ ക്രിക്കറ്റ് ലീഗ് : സെൻ ബ്ലെയിസ് ചാമ്പ്യന്മാർ



**കോഴിക്കോട്:** ഗവൺമെന്റ് സൈബർപാർക്കിലെ സഹ്യ ക്രിക്കറ്റ് ക്ലബ് സംഘടിപ്പിച്ച സൈബർ ക്രിക്കറ്റ് ലീഗിൽ സെൻ ബ്ലെയിസ് ടീം ചാമ്പ്യൻമാരായി. ഫൈനലിൽ നിശ്ചിത എട്ടോവറിൽ കാലിക്കറ്റ് യുണൈറ്റഡ് ഉയർത്തിയ 45 റൺസ് ലക്ഷ്യം 7.5 ഓവറിൽ മറികടന്നാണ് സെൻ ബ്ലെയിസ് ടീം ചാമ്പ്യന്മാരായത്. ഗവ. സൈബർപാർക്കിലെ സൈബർ സ്പോർട്സ് അരീനയിലായിരുന്നു മത്സരം. ഐപിഎൽ മാതൃകയിൽ ഓരോ ടീമും കളിക്കാരെ ലേലം ചെയ്താണ് ഈ ടൂർണമെന്റിൽ ടീം സംഘടിപ്പിക്കുന്നത്.

ആകെ പത്ത് ടീമുകളാണ് നവംബർ 18 മുതൽ ആരംഭിച്ച സൈബർ ക്രിക്കറ്റ് ലീഗിൽ മാറ്റുരച്ചത്. ഗവ. സൈബർ പാർക്ക്, യു എൽ സൈബർ പാർക്ക്, കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നിവിടങ്ങളിലെ 100 ജീവനക്കാരാണ് ടൂർണമന്റിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തത്. സെമി ഫൈനൽ മത്സരത്തിൽ സെൻ ബ്ലെയിസ് ഫീനിക്സ് റെനിഗേഡ്സിനെ പത്തു റൺസിനാണ് തോൽപ്പിച്ചത്. കാലിക്കറ്റ് യുണൈറ്റഡ് വെൽകിൻവിറ്റ്സിനെ എട്ടു വിക്കറ്റിന് പരാജയപ്പെടുത്തി ഫൈനലിൽ കടന്നു. ഫീനിക്സ് റെനിഗേഡ്സിന്റെ സാജൻ ബേസിലാണ് പ്ലെയർ ഓഫ് ദി ടൂർണമന്റ്. കാലിക്കറ്റ് യുണൈറ്റഡിന്റെ ജിതിനെ മികച്ച ബോളറായും തെരഞ്ഞെടുത്തു.

# കെ.എച്ച്.ആർ.എ എറണാകുളം ജില്ലാസമ്മേളനം ഇന്ന്

**കൊച്ചി:** കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാസമ്മേളനവും കുടുംബസംഗമവും ഇന്ന് എറണാകുളം കാരിക്കാമുറിയിലുള്ള ചാവറ കൾച്ചറൽ സെന്ററിൽ നടക്കും. രാവിലെ 10 മണിക്ക് ജില്ലാസമ്മേളനവും പ്രതിനിധി സമ്മേളനവും വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ് നടക്കുന്ന കുടുംബസംഗമം സിനിമാതാരം മല്ലിക സുകുമാരൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന ജനറൽ സെക്രട്ടറി ജി. ജയപാൽ മുഖ്യപ്രഭാഷണം നടത്തും. ജില്ലാ പ്രസിഡന്റ് ടി. ജെ. മനോഹരൻ അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പ്രസാദ് ആനന്ദഭവൻ, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ ബി. വിജയകുമാർ, അസീസ് മൂസ, വി. ടി ഹരിഹരൻ, സംസ്ഥാന സെക്രട്ടറി അബ്ദുൾ സമദ് എന്നിവർ സംസാരിക്കും. വൈകിട്ട് നടക്കുന്ന കുടുംബസംഗമത്തിൽ ചാരിറ്റി പ്രവർത്തനങ്ങളുടെ വിതരണോദ്ഘാടനം സംസ്ഥാന ട്രഷറർ മുഹമ്മദ് ഷെരീഫും, വിവിധ പുരസ്ക്കാരങ്ങളുടെ വിതരണം സംസ്ഥാന വൈസ് പ്രസിഡന്റ് എൻ. സുഗുണനും നിർവഹിക്കുമെന്ന് ജില്ലാ പ്രസിഡന്റ് ടി. ജെ. മനോഹരനും, ജില്ലാ സെക്രട്ടറി കെ. ടി റഹിമും അറിയിച്ചു.

# ഭക്ഷണക്രമം ആരോഗ്യകരവും സമീകൃതവുമാക്കണം

**കൊച്ചി:** ആരോഗ്യകരമായ ഭക്ഷണക്രമത്തിന്റെ അടിത്തറ പൂർണവും, കുറഞ്ഞ രീതിയിൽ മാത്രം സംസ്കരിച്ചതുമായ ഭക്ഷണങ്ങളാണെന്ന് പ്രമുഖ ഡയറ്റീഷ്യൻ റിതിക സമദ്ദർ അഭിപ്രായപ്പെട്ടു. ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയയുടെ ഓൺലൈൻ ക്യാമ്പയിനിൽ സംസാരിക്കുകയായിരുന്നു അവർ. കഴിക്കുമ്പോൾ പ്ലേറ്റിന്റെ പകുതി പഴങ്ങളും പലതരം പച്ചക്കറികളും, കാൽ ഭാഗം ആരോഗ്യകരമായ പ്രോട്ടീനുകളും, ബാക്കിയുള്ളവ കാൽ ഭാഗം തവിട് അരി, ഗോതമ്പ്, ചെറുധാന്യങ്ങൾ തുടങ്ങിയ ധാന്യങ്ങളും കൊണ്ട് നിറയ്ക്കാം. ഭക്ഷണക്രമം ആരോഗ്യകരവും സമീകൃതവുമാക്കാൻ കാലിഫോർണിയൻ ബദാം പോലുള്ള നട്സുകളും ചേർക്കം. പ്രോട്ടീൻ, ഡയറ്ററി ഫൈബർ, വിറ്റാമിൻ ഇ, മഗ്നീഷ്യം, ഫൈബർ, പൊട്ടാസ്യം എന്നിവ ഉൾപ്പെടെ 15 അവശ്യ പോഷകങ്ങൾ ബദാമിൽ അടങ്ങിയിട്ടുണ്ട്. 100 ഗ്രാം ബദാമിൽ 18.4 ഗ്രാം പ്രോട്ടീനാണ് ഉള്ളത്. ആരോഗ്യവിദഗ്ധർ ശുപാർശ ചെയ്യുന്ന ദൈനംദിന പ്രോട്ടീൻ ആവശ്യകതയുടെ ഏകദേശം 30% വരുമിത്. കൂടാതെ ആരോഗ്യകരമായ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിലനിർത്താൻ സഹായിക്കുന്ന ഡയറ്ററി ഫൈബറിലും ഇവ സമ്പന്നമാണ്. കാത്സ്യത്തിനും ഇരുമ്പിനും വേണ്ടി ചീര പോലുള്ള ഇലക്കറികളും, ആന്റിഓക്സിഡന്റുകൾക്കായി ഓറഞ്ച്, ചുവപ്പ് നിറത്തിലുള്ള പച്ചക്കറികളും, ഊർജത്തിനായി ധാന്യങ്ങളും, പോഷകാഹാര ആവശ്യകതകൾ നിറവേറ്റാൻ ബദാം പോലുള്ള നട്സുകളും പ്ലേറ്റിൽ ഉൾപ്പെടുത്തണമെന്നും അവർ നിർദേശിച്ചു.

# സെക്കന്തരാബാദ് സെന്റ് ആൻഡ്രൂസ് ഓർത്തഡോക്സ് വലിയപള്ളി പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ




**സെക്കന്തരാബാദ്:** ഹൈദരാബാദിലെ സുറിയാനി ക്രിസ്ത്യൻ സമൂഹത്തിന്റെ വിശ്വാസത്തിന്റെയും ഐക്യത്തിന്റെയും നാഴികക്കല്ലായ സെക്കന്തരാബാദ് സെന്റ് ആൻഡ്രൂസ് ഓർത്തഡോക്സ് ചർച്ച് (വലിയപള്ളി) പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ. നവംബർ 30 ന് നടക്കുന്ന സെന്റ് ആൻഡ്രൂസ് പെരുന്നാളിനോടനുബന്ധിച്ച് ആഘോഷ പരിപാടികൾക്ക് തുടക്കമാകും. ബാംഗ്ലൂർ സഹായ മെത്രാപ്പോലീത്ത വർഗ്ഗീസ് മാർ ഫീലക്സിനോസിന്റെ നേതൃത്വത്തിലാണ് ജൂബിലി ആഘോഷങ്ങൾ. ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷങ്ങളുടെ ഭാഗമായി മെഡിക്കൽ, രക്തദാന ക്യാമ്പുകൾ, യുവജന കായികമേള, ഹൈദരാബാദിലെയും സെക്കന്തരാബാദിലെയും എല്ലാ മലയാളി ഇടവകകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സംഗീത സന്ധ്യ, പൊതുസമൂഹത്തെ സഹായിക്കാനായി വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കും. ബാംഗ്ലൂർ ഭദ്രാസനത്തിന് കീഴിലാണ് വലിയപള്ളി എന്നറിയപ്പെടുന്ന സെന്റ് ആൻഡ്രൂസ് ഓർത്തഡോക്സ് ചർച്ച്. ഫാ. ബിനോ സാമുവൽ ആണ് ഇപ്പോഴത്തെ ഇടവക വികാരി.

'എക്യുമെനിസവും കാരുണ്യവും' എന്നതാണ് ജൂബിലി ആഘോഷങ്ങൾക്കായി തിരഞ്ഞെടു ത്തിരിക്കുന്ന വിഷയം. പ്ലാറ്റിനം ജൂബിലി ഇടവകയുടെ യാത്രയുടെ ആഘോഷം മാത്രമല്ല, ഹൈദരാബാദിലേക്ക് സുറിയാനി ക്രിസ്ത്യൻ ആരാധന കൊണ്ടുവന്ന പൂർവ്വികരുടെ ദർശനത്തെ ആദരിക്കൽ കൂടിയാണെന്ന് ഫാ. ബിനോ സാമുവൽ പറഞ്ഞു. വിശ്വാസം, ഐക്യം, സേവനം എന്നിവയുടെ വിളക്കുമാടമായി നാം ഇന്ന് നിലകൊള്ളുന്നുവെന്നും ഫാ. ബിനോ സാമുവൽ പറഞ്ഞു. സെന്റ് ആൻഡ്രൂസ് ഓർത്തഡോക്സ് വലിയപള്ളി 76ാം വർഷത്തിലേക്ക് കടക്കുമ്പോൾ, എക്യുമെനിക്കൽ ബന്ധങ്ങൾ വളർത്താനും കാരുണ്യ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനും പള്ളി പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി.

മുൻപ് 'സ്കോട്ടിഷ് ചർച്ച്' എന്നറിയപ്പെട്ടിരുന്ന സെന്റ് ആൻഡ്രൂസ് ചർച്ച്, സെക്കന്തരാബാദ് കന്റോൺ മെന്റിൽ താമസിച്ചിരുന്ന ഇംഗ്ലീഷ് സൈനികർക്കും കുടുംബങ്ങൾക്കും ആരാധന നടത്തുന്നതിനായി 1865ൽ ബ്രിട്ടീഷുകാരാണ് നിർമ്മിച്ചത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം, പള്ളി ഭാരത സർക്കാർ ഏറ്റെടുക്കുകയും പിന്നീട് സുറിയാനി ക്രിസ്ത്യൻ സമൂഹത്തെ ഏൽപ്പിക്കുകയും ചെയ്തു. 1948 മാർച്ച് 5ന്, മാർത്തോമ്മാ, ഓർത്തഡോക്സ്, സി.എസ്.ഐ സഭകളിലെ അംഗങ്ങളെ ഉൾക്കൊണ്ടുള്ള 'യുണൈറ്റഡ് മലയാളം കോൺഗ്രിഗേഷൻ' ചരിത്രപ്രസിദ്ധമായ ഈ പള്ളി ഒദ്യോഗികമായി ഏറ്റെടുത്തു.

1951ൽ ഓർത്തഡോക്സ് ഇടവക സ്ഥാപിക്കപ്പെട്ടു. പിന്നീട് മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്തയായിത്തീർന്ന ഫാ. കെ.കെ മാത്യൂസ് ആയിരുന്നു ആദ്യത്തെ വികാരി. 2002ൽ പഴയ കെട്ടിടം പൊളിച്ചുനീക്കി. 2002 ഡിസംബർ ഒന്നിന് ഭദ്രാസന മെത്രാപ്പോലീത്ത യാക്കോബ് മാർ ഐറേനിയോസ് പുതിയ പള്ളിക്ക് തറക്കല്ലിട്ടു. 2005 മാർച്ചിൽ, കാതോലിക്കാ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട തോമസ് മാർ തിമോത്തിയോസ് പുതിയ പള്ളിയുടെ കൂദാശ നിർവ്വഹിച്ചു. കൂദാശാ വേളയിൽ, പരുമല തിരുമേനിയുടെയും (സെന്റ് ഗീവർഗ്ഗീസ്), വട്ടശ്ശേരിൽ തിരുമേനിയുടെയും (സെന്റ് ദീവന്നാസിയോസ്) വിശുദ്ധ തിരുശേഷിപ്പുകൾ പള്ളിയിൽ സ്ഥാപിക്കുകയും പൈതൃകമുള്ള തീർത്ഥാടനകേന്ദ്രമായി വിശുദ്ധീകരിക്കുകയും ചെയ്തു. ഇന്ന്, ഓർത്തഡോക്സ്, മാർത്തോമ്മാ എന്നീ രണ്ട് വലിയ സഭകൾ ഒരേ കോമ്പൗണ്ടിൽ തോളോട് തോൾ ചേർന്ന് നിൽക്കുന്നു. ഈ അതുല്യമായ സഹവർത്തിത്വം പതിറ്റാണ്ടുകളായുള്ള എക്യുമെനിസം, പരസ്പര ബഹുമാനം, ഉറച്ച വിശ്വാസം എന്നിവയുടെ ജീവിക്കുന്ന സാക്ഷ്യമാണ്. ഗണേശ് ക്ഷേത്രത്തിനും മാർത്തോമ്മാ പള്ളിക്കും സമീപം സ്ഥിതി ചെയ്യുന്ന സെന്റ് ആൻഡ്രൂസ് ഓർത്തഡോക്സ് വലിയപള്ളി സെക്കന്തരാബാദിലെ ആത്മീയ നാഴികക്കല്ലായി മാറിയിരിക്കുന്നു. 400ഓളം കുടുംബങ്ങളും, പതിവായി ആരാധനയിൽ പങ്കെടുക്കുന്ന നൂറുകണക്കിന് മറ്റ് വിശ്വാസികളും ഈ ഇടവകയുടെ ഭാഗമാണ്.

# വിപണി കയ്യടക്കാൻ ടാറ്റ സിയേറ




**കൊച്ചി:** ടാറ്റയുടെ സിയേറ വിപണിയിൽ തിരിച്ചെത്തുന്നു. 11.49 ലക്ഷം രൂപയാണ് വാഹനത്തിന്റെ പ്രാരംഭ എക്സ് ഷോറൂം വില. ഡിസംബർ 16 മുതൽ പുതിയ വാഹനത്തിന്റെ ബുക്കിങ് ആരംഭിക്കുന്നതോടെ ജനുവരി 15 മുതൽ സിയറ ഉപഭോക്താക്കളിലേക്ക് എത്തും. രണ്ട് ദശാബ്ദക്കാലത്തിന് ശേഷം വിപണിയിൽ എത്തുന്ന വാഹനത്തിന് നിരവധി ഫീച്ചറുകൾ നൽകിയിട്ടുണ്ടെന്ന് ടാറ്റ മോട്ടേഴ്സ് അധികൃതർ വ്യക്തമാക്കി.

ടാറ്റയുടെ പുതിയ 1.5 ലിറ്റർ GDi ടർബോ പെട്രോൾ എൻജിനുമായിട്ടാണ് സിയറയെ വിപണിയിലെത്തിച്ചിരിക്കുന്നത്. ആറ് 6സ്പീഡ് ഓട്ടോമാറ്റിക് ട്രാൻസ്മിഷനിൽ മാത്രമാണ് ഈ എഞ്ചിൻ ലഭ്യമാകുന്നത്. കൂടാതെ 106 ബിഎച്ച്പി കരുത്തും 145 എൻഎം ടോർക്ക് ഉത്പാദിപ്പിക്കുന്ന നാച്ചുറലി ആസ്പിരേറ്റഡ് വേരിയന്റും ലഭിക്കും. ഇത് 6സ്പീഡ് മാനുവൽ അല്ലെങ്കിൽ 7സ്പീഡ് ഡ്യുവൽ ക്ലച്ച് ഓട്ടോമാറ്റിക് ഗിയർബോക്സുകളിൽ ലഭിക്കും. ഡീസൽ മോഡലിൽ 118 എച്ച്പി കരുത്തുള്ള 1.5 ലിറ്റർ എൻജിനാണ് ഉപയോഗിക്കുന്നത്. ഓൾ വീൽ ഡ്രൈവ് സംവിധാനവും കമ്പനി പ്രഖ്യാപിച്ചിട്ടുണ്ട്.

ട്രിപ്പിൾസ്ക്രീൻ ലേഔട്ട്, സൗണ്ട് ബാറോടുകൂടിയ 12സ്പീക്കർ ജെബിഎൽ സൗണ്ട് സിസ്റ്റം, ഹെഡ്അപ്പ് ഡിസ്പ്ലേ(HUD), പുതിയ സെന്റർ കൺസോൾ, ഡ്യുവൽസോൺ ക്ലൈമറ്റ് കൺട്രോൾ, കണക്റ്റഡ് കാർ ടെക്നോളജി, ലെവൽ 2 ADAS, 360ഡിഗ്രി ക്യാമറ, പവേർഡ് ആൻഡ് വെന്റിലേറ്റഡ് ഫ്രണ്ട് സീറ്റുകൾ എന്നിവ വാഹനത്തിന്റെ ഫീച്ചറുകളാണ്. എല്ലാ വേരിയന്റുകളിലും ആറ് എയർബാഗുകൾ, എബിഎസ് വിത്ത് ഇബിഡി, സ്റ്റെബിലിറ്റി പ്രോഗ്രാം, ഐസോഫിക്സ് ചൈൽഡ് സീറ്റ് മൗണ്ടിങ് പോയിന്റുകൾ എന്നിവയുണ്ട്. പഴയ സിയാറക്ക് ആർ15 ടയറുകളായിരുന്നെങ്കിൽ പുതിയ സിയറയിൽ കൂടുതൽ വലിയ 19 ഇഞ്ച് വീലുകളാണുള്ളത്.

